# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1648      01/11/2019-ൽ മറുപടിയ്ക്ക്

### ലൈഫ് പദ്ധതി - കൺസൾട്ടൻസി കരാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് പദ്ധതിക്ക് കൺസൾട്ടൻസി കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ് കരാർ നൽകിയതെന്നും കരാർ കമ്പനിയെ നിയമിക്കുവാൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ; | എ) | കരാർ നൽകിയിട്ടുണ്ട്. ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ (CR Narayana Rao Consultant Pvt. Ltd, Chennai) ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. മുൻ പരിചയവും, സാങ്കേതിക പരിജ്ഞാനവും, പരിചയ സമ്പന്നരായ സാങ്കേതിക വിദഗ്ദരുമുള്ളതും പ്രീഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യ ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ച് പരിചയമുള്ളതുമായ ഏജൻസികളെയാണ് ടെണ്ടറിൽ മാനദണ്ഡമാക്കിയത്. |
| ബി) | കരാർ കമ്പനിക്ക് കൺസൾട്ടൻസി ഫീസിനത്തിൽ നിശ്ചയിച്ചിട്ടുള്ള തുക എത്രയാണ്; വിശദാംശം നൽകുമോ; | ബി) | ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ മൊത്തം നിർമ്മാണച്ചെലവിന്റെ 1.74% മാണ് കൺസൾട്ടൻസി ഫീസായി നൽകുന്നത്. ഗവൺമെന്റ് അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾക്ക് നിശ്ചയിച്ചിട്ടുള്ള 5% ഫീസിനെക്കാൾ 65% കുറഞ്ഞ തുകയാണ് നിശ്ചയിച്ചിട്ടുള്ളത്. |
| സി) | പി.ഡബ്ളൂ.ഡി, എൽ.എസ്.ജി.ഡി വകുപ്പുകളിൽ മികച്ച സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർ ഉണ്ടായിരിക്കെ ഭവനനിർമ്മാണ പദ്ധതിയായ ലൈഫ് പദ്ധതിയുടെ കൺസൾട്ടൻസി കരാർ സ്വകാര്യ കമ്പനിക്ക് നൽകുന്നത് വഴി സാമ്പത്തിക നഷ്ടമല്ലാതെ എന്ത് മെച്ചമാണ് ഉണ്ടാകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാ | സി) | എല്ലാ വകുപ്പുകളിലേയും ഭവന പദ്ധതികളെ ഏകോപിപ്പിച്ചാണ് ലൈഫ് മിഷൻ പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ ഒരു മിഷൻ മോഡിലാണ് പ്രവർത്തിക്കുന്നത്. സമയബന്ധിതമായി പൂർത്തിയാക്കാൻ ഈ പദ്ധതി PWD, LSGD Engineering wing എന്നിവരെ ഏൽപ്പിച്ചാൽ അവരുടെ നടന്നു |

| | | | |
|---|---|---|---|
| | ക്കുമോ? | | കൊണ്ടിരിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നത് മൂലം ലൈഫ് മിഷൻ പദ്ധതികൾക്ക് കാലതാമസം ഉണ്ടാകും എന്നുള്ളതുകൊണ്ടാണ് ലൈഫ് മിഷൻ നടപ്പാക്കിയപ്പോൾ തന്നെ അതിലേക്കായി മാത്രം ഒരു എഞ്ചിനീയറിംഗ് ഡിവിഷൻ രൂപീകരിച്ചത്.. ഈ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് മിഷന്റെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും ഏകോപന ചുമതല.<br>ലൈഫ് മിഷന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഈ വർഷം നിർമ്മാണം ആരംഭിക്കുന്ന 84 ഭവന സമുച്ചയങ്ങളിൽ 56 ഭവന സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ടെണ്ടർ നടപടികൾ ആദ്യഘട്ടത്തിൽ പുരോഗമിക്കുന്നത്. ഇവയെല്ലാം തന്നെ 2020 ഒക്ടോബർ മാസത്തോടുകൂടി പണി പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടുന്നത്. പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണമാണ് എല്ലാ ഭവന സമുച്ചയങ്ങളുടെയും കാര്യത്തിൽ മിഷൻ അവലംബിക്കുന്നത്. നിലവിൽ കേരളത്തിൽ ഉള്ള സ്ഥാപനങ്ങൾക്കൊന്നും തന്നെ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണത്തിൽ പ്രാവീണ്യം ഇല്ല. ഈ പ്രവർത്തനങ്ങൾ എല്ലാം തന്നെ ഒരു ഏജൻസിയുടെ കുടക്കീഴിൽ കൊണ്ടു വന്നാൽ മാത്രമേ സർക്കാരിന്റെ ഉദ്ദേശം ലക്ഷ്യ പ്രാപ്തിയിൽ എത്തുകയുള്ളൂ. അതുകൊണ്ടാണ് ഇതിലേക്കായി ഒരു പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചത്.<br>പൊതുമരാമത്ത് പോലെയുള്ള വകുപ്പുകൾ അവർക്ക് ബഡ്ജറ്റ് ചെയ്ത ജോലികൾ മാത്രമേ സെന്റേജ് ചാർജ്ജ് ഈടാക്കാതെ നടപ്പിലാക്കുകയുള്ളൂ. ലൈഫ് മിഷന്റേതുപോലെയുള്ള ബഡ്ജറ്റ് ചെയ്യപ്പെടാത്ത ജോലികൾ ഏറ്റെടുത്താൽ അതിലേക്കായി അവർ ഈടാക്കുന്നത് സെന്റേജ് ചാർജ്ജായി 10 ശതമാനമാണ്. പൊതുമരാമത്ത് വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി ഉപയോഗിക്കുന്ന ഈ തുക |

| | | | |
|---|---|---|---|
| | | | ലൈഫ് മിഷൻ അവർക്ക് മൊത്തം തുകയുടെ 10 ശതമാനമായി സെന്റേജ് ചാർജ്ജ് ഇനത്തിൽ അനുവദിക്കേണ്ടതായി വരും. അതുപോലെ തന്നെ സ്വന്തമായി എഞ്ചിനിയറിംഗ് വകുപ്പ് ഇല്ലാത്ത ഡിപ്പാർട്ടമെന്റുകൾക്ക് എംപാനൽ ചെയ്ത അല്ലെങ്കിൽ അക്രഡിറ്റ് ചെയ്ത സ്ഥാപന ങ്ങളുടെ സേവനം G.O(P)95/2017/FIN Dt: 25/07/2017 പ്രകാരം ഉപയോഗിക്കാവുന്നതാണ്. ഇവർക്ക് ഗവൺമെന്റ് നിഷ്കർഷിക്കുന്ന സെന്റേജ് ചാർജ്ജ് 5% ആണ്. 5 കോടി രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ഈ നിരക്കാണ് അക്രഡിറ്റ് ചെയ്ത സ്ഥാപനങ്ങൾ ഈടാക്കുന്നത്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ ലൈഫ് മിഷൻ അനുവദിച്ച സെന്റേജ് ചാർജ്ജായ 1.74% വളരെ കുറഞ്ഞ നിരക്കാണ്. |

സെക്ഷൻ ഓഫീസർ